കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/941/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി - 13.10.2020

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടിസ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എൽ.എം.പി.1/941/2020, തിയതി : 13.10.2020

## കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2018 മുതൽ 30.06.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ,<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.7.2020 മുതൽ 16.7.2020 വരെ<br>17.8.2020 മുതൽ 25.8.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രദീപ്കുമാർ പി,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സിജാറാണി എസ്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജയകുമാരിഅമ്മ . ജി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. റജിന. എ. എസ്, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജോസ് | 1.4.18 മുതൽ 31.5.18 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി. രാധാമണി | 1.06.18 മുതൽ 27.06.18 വരെ |
| | ശ്രീ. വി. രവീന്ദ്രനാഥ് | 28.06.18 മുതൽ 31.3.19 വരെ |
| സെക്രട്ടറി | ശ്രീ. സഞ്ജയൻ. എസ് | 1.4.18 മുതൽ 31.3.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീമതി. വി. ജെ. അന്നമ്മ | 1.4.18 മുതൽ 31.3.19 വരെ |
| അസി. എൻജിനീയർ | ശ്രീമതി. ധന്യശ്രീ | 1.4.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുധാമണി | 1.4.18 മുതൽ 31.6.18 വരെ |
| | ശ്രീമതി. പുഷ്പലത | 1.7.18 മുതൽ 09.11.18 വരെ |
| | ശ്രീമതി. ബിന്ദു. ഡി | 10.11.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. അജിതകുമാരി കെ. ബി | 1.4.18 മുതൽ 26.6.18 വരെ |
| | ഡോ. സിനി മാധവൻ | 27.6.18 മുതൽ 29.6.18 വരെ |
| | ഡോ. എലിസബത്ത് എബ്രഹാം | 30.6.18 മുതൽ 31.3.19 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ. അസുന്ധാ മേരി | 1.4.18 മുതൽ 11.09.18 വരെ |
| | ഡോ. സുദർശനൻ ചെട്ടിയാർ | 12.09.18 മുതൽ 13.09.18 വരെ |
| | ഡോ. ബി. ശ്യാമ കൃഷ്ണൻ | 14.09.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രശാന്ത്. ആർ. എസ് | 1.4.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ. | ശ്രീമതി. നജീമ. എൻ | 1.4.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിനി. ഡി | 1.4.18 മുതൽ 31.3.19 വരെ |
| വെറ്റിനറി സർജൻ | ഡോ. സന്തോഷ് കുമാർ | 1.4.18 മുതൽ 3.09.18 വരെ |
| | ഡോ. എ. ഷാഹുൽ ഹമീദ് | 3.09.18 മുതൽ 31.3.19 വരെ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീമതി. ഗ്രീഷ്മ. എസ്. | 1.4.18 മുതൽ 15.07.18 വരെ |
| | ശ്രീമതി. രാഖി | 16.07.18 മുതൽ 18.09.18 വരെ |
| | ശ്രീമതി. പ്രിയ കുമാർ | 18.09.18 മുതൽ 28.09.18 വരെ |
| | ശ്രീമതി. ധന്യ | 29.9.18 മുതൽ 31.3.19 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. സായിദ | 1.4.18 മുതൽ 31.3.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അജിത്ത് കുമാർ സി.പി | 1.4.18 മുതൽ 31.3.19 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-12 |
| 13 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-13 |
| 14 | റോഡ് കട്ടിങ് ചാർജ് ഈടാക്കിയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 1-15 |
| 16 | ലേലതുക പിഴപലിശ ഈടാക്കിയില്ല. ലേലവ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. | 1-16 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം | 1-17 |
| 18 | കെട്ടിട നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല. വരവിനത്തിൽ നഷ്ടം | 1-18 |
| 19 | ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-19 |
| 20 | ടാറിങ് പ്രവർത്തികൾ - ഒഴിഞ്ഞ ടാർ ബാരലുകളുടെ വില 31753/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി ഒടുക്ക വരുത്തി | 1-20 |
| 21 | ഇ.എം.ഡി.മുതൽ കൂട്ടുവാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിൽ വരുത്തിയതായി രേഖയില്ല | 1-21 |
| 22 | അംഗനവാടികളുടെ വൈദ്യുതീകരണം പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല 309769/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-22 |
| 23 | സ്റ്റാമ്പ് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല – തുക നിരാകരിക്കുന്നു. | 1-23 |
| 24 | വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-24 |
| 25 | ചെലവ് രേഖകൾ, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ലൈഫ് – ഭവനപദ്ധതി – അവലോകനം | 1-26 |
| 27 | എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-27 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | കെട്ടിട നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല – വരവിനത്തിൽ നഷ്ടം. | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | സ്റ്റാമ്പ് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല – തുക നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| | | |

| | | |
|---|---|---|
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | അനുബന്ധപത്രികകൾ | അനുബന്ധം-2 |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

26.3.18 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.5.19 | - | - |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33674538 |
| വരവ് | 144358295 |
| ആകെ | 178032833 |
| ചെലവ് | 107255982 |
| നീക്കിയിരിപ്പ് | 70776851 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ (ACR പ്രകാരം) | | 0 | 27839633 | 27839633 | 22580574 | 5259059 |
| വികസനഫണ്ട് - എസ്.സി.പി (ACR പ്രകാരം) | | 0 | 11488000 | 11488000 | 9592696 | 1895304 |
| വികസനഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9146000 | 9146000 | 7106937 | 2039063 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5690000 | 5690000 | 3101985 | 2588015 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 15400893 | 15400893 | 12921000 | 2479893 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 2129 | 82 | 2211 | 0 | 2211 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 64270378 | 64270378 | 64270378 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 66618 | 618097 | 684715 | 639445 | 45270 |

| | | | | | | |
|---|---|---|---|---|---|---|
| TSC | | 3031143 | 2079666 | 5110809 | 220295 | 4890514 |
| SSA | | 1569351 | 55653 | 1625004 | 594090 | 1030914 |
| ICDS | | 2097724 | 1293469 | 3391193 | 1290662 | 2100531 |
| ആയുർവേദം | | 8000000 | 0 | 8000000 | 0 | 8,000,000 |
| കേരളോത്സവം | | 20000 | 0 | 20000 | 0 | 20,000. |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 800314 | 2289648 | 3089962 | 2588362 | 501600 |
| | ജില്ലാപഞ്ചായത്ത് | 1500620 | 2531033 | 4031653 | 24312513 | 1600400 |
| ബി ഫണ്ട് | | - | 662640 | 662640 | 662640 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 20313978* | 33629343 | 53943321 | 20978952 | 32964369*** |
| | ട്രഷറി അക്കൗണ്ട് | (-)4067822** | 45728475 | 41660653 | 22206608 | 19454045 |
| കയ്യിരിപ്പ് പണം | | 340483 | 166997 | 507480 | 340483 | 166997 |

* RP-40(a)പ്രകാരം തനത് ഫണ്ട് അക്കൗണ്ടിൽ ആകെ നീക്കിയിരിപ്പ് തുക 28333978/- രൂപയാണ്.
(SBI own fund - 31669649591 - 23769766 +
SBI Current - Property Tax - 72994
SCB Arackal - 1942 - 4491218)
അതിൽ നിന്നും ആയുർവേദ വകുപ്പിൽ ലഭിച്ച 8000000/- രൂപയും കേരളോത്സവത്തിനായി ലഭിച്ച 20000/- രൂപയും വേർതിരിച്ച് കാണിച്ചതിനാൽ ഒ.ബി. 20313978/- രൂപയായി ഉൾപ്പെടുത്തി.
** ട്രഷറി അക്കൗണ്ട് തുക ഒ.ബി. തുക - 330836/- ആണ് (Try - VPFA 1-2- 613/- + STSB - 590662/- + JV - 260439) അതിൽ നിന്നും ICDS - 2097724, BP - 800314, DP - 1500620 എന്നിവ ഒഴിവാക്കി. ട്രഷറി മുൻബാക്കി - (-)4067822/- ആയി ഉൾപ്പെടുത്തി.
*** സാക്ഷരത അക്കൗണ്ട് (CB-137746958) ക്ലോസ്സ് ചെയ്ത് ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിനാൽ ടി തുക കൂടി കുറവ് ചെയ്താണ് തനത് ഫണ്ട് കണക്കാക്കിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 307 | 185244887 | 193 | 86546417 | 109 | 5 | 62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 66618 | 618097 | 684715 | 639445 | 45270 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 64270378 | 64270378 | 64270378 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 512640 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 8958200 | 711 |
| വിധവാപെൻഷൻ | 22730900 | 1937 |
| വാർദ്ധക്യകാല പെൻഷൻ | 37942200 | 3065 |
| വികലാംഗപെൻഷൻ | 22730900 | 479 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 499900 | 47 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധന സഹായം | 150000 | 3 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43897/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. കമ്പ്യൂട്ടർ രസീതുകളും മാനുവൽ രസീതുകളും വരവുകൾ സ്വീകരിക്കുന്നതിന് ഉപയോഗിക്കുന്നു. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിന്റെ രേഖപ്പെടുത്തൽ കൃത്യമല്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ലേലം, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല. കെട്ടിട നികുതി പൂർണ്ണമായി നിർണ്ണയിക്കാത്തതിനാൽ വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.2.2020 & 11.2.2020 | 1/2020 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.9.18 മുതൽ 27.9.2018 വരെ | 2013-14-2017-18 | 23.10.2018 |

1-11 വാർഷികകണക്കുകളിലെ അപാകതകൾ

- അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

- പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
- വസ്തുനികുതി സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തികളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-12 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ, പനച്ചിവിള | I |
| 2 | ഇടമുളയ്ക്കൽ സർവീസ് സഹകരണ ബാങ്ക് | I |
| 3 | എസ്.ബി.ഐ, ആയൂർ | I |
| 4 | ബി.. എസ് .എൻ .എൽ ,ആയൂർ | I & I I |
| 5 | അമ്പാടി മെഡിക്കൽ സെന്റർ | I & I I |
| 6 | മന്നം എൻ. എസ്. എസ്. കോളേജ്, പടിഞ്ഞാറ്റിൻകര | I & I I |
| 7 | കെ. എസ് . ഇ . ബി. ട്രാൻസ്മിഷൻ സർക്കിൾ | I I |
| 8 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | I & I I |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാണെന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശയോട് കൂടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. – 18/21.08.2020

1-13 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (കുടിശ്ശിക) | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | മുഹമ്മദ് റാഫി | ആയൂർ പബ്ളിക് മാർക്കറ്റ് റൂം നം. 3 (old) | 1444x12 | 17328+GST |

| | | | | |
|---|---|---|---|---|
| | ഷാലിമാർ, ആയൂർ | | | |
| 2 | പ്രസിഡന്റ് /സെക്രട്ടറി<br>തേജസ് മൈക്രോ യൂണിറ്റ്,<br>ആയൂർ | ആയൂർ പബ്ളിക് മാർക്കറ്റ് റൂം നം. 1 (renewed) | 2205x3 | 6615+GST |
| ആകെ | | | | 23,943/-+18% GST |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് വാടക കുടിശ്ശികയും ജിഎസ്ടിയും ഈടാക്കി ഒടുക്കു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശികയും ജി.എസ്.ടിയും പിഴപ്പലിശയോട് കൂടി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. – 20/21.08.2020

1-14 റോഡ് കട്ടിങ് ചാർജ് ഈടാക്കിയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വരവ് പരിശോധിച്ചതിൽ ഭാരതി എയർടെൽ ലിമിറ്റഡിൽ നിന്നും റോഡ് കട്ടിങ് ചാർജ് ഇനത്തിൽ 25.10.18 ൽ 118040400003 നമ്പർ സാംഖ്യ റസീപ്റ്റ് പ്രകാരം 101247/- രൂപയുടെ ചെക്ക് (Cheque No. 428189) ലഭിച്ചിട്ടുണ്ട് . ആയതിന്റെ ലഡ്ജർ പരിശോധിച്ചതിൽ road restoration charge of cable lying എന്ന് സൂചിപ്പിക്കുകയും Rs. 85801/- 140700101 Restoration charges for Road cutting, Rs. 7723/- 350300110 CGST, Rs. 7723/- 350300111 SGST എന്നീ മൂന്ന് ഹെഡുകളിലായുമാണ് വരവ് വന്നിട്ടുള്ളത്. എന്നാൽ അത് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിററ് എൻക്വയറി, സെക്രട്ടറിയ്ക്ക് കത്തും നൽകിയെങ്കിലും ഫയൽ ലഭ്യമാക്കുകയോ ഓഡിറ്റ് എൻക്വറിക്കും കത്തിനും മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈടാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത ഫയൽ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം. – 16/20.08.2020.

1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

വയർലസ് റ്റി.റ്റി ഇൻഫോ സർവ്വീസ് ലിമിറ്റഡ് എന്ന സ്ഥാപനം (വാർഡ് 14 നടുക്കുന്ന്) 2018-19 വർഷം രണ്ട് അർദ്ധവർഷങ്ങളിലുമായി കെട്ടിടനികുതി ഇനത്തിൽ ആകെ അടവാക്കേണ്ട 6300/-* രൂപ ഒടുക്കുവരുത്തിയിട്ടില്ല. പഞ്ചായത്ത് നല്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം 2018-19 ലെ ആദ്യ അർദ്ധവർഷത്തെ നികുതി 30-9-2018 നകവും രണ്ടാം അർദ്ധവർഷത്തെ നികുതി 31-3-2019 നകവും അടവാക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ കെട്ടിട നികുതി ഒടുക്കുവരുത്താത്ത സാഹചര്യത്തിൽ നിയമാനുസൃത പിഴ പലിശ ഉൾപ്പടെയുള്ള തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

*(വസ്തുനികുതി - 3000/- രൂപ, ഗ്രന്ഥശാല വരി - 150/-രൂപ) x 2.

1-16 ലേലതുക പിഴപ്പലിശ ഈടാക്കിയില്ല. ലേലവ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2018-19 സാമ്പത്തിക വർഷം വിവിധ ഇനങ്ങളുടെ കുത്തക അവകാശം സംബന്ധിച്ച ലേലം 12/03/2018 ൽ നടക്കുകയുണ്ടായി. ലേല നോട്ടീസിലെ 5, 6 നിബന്ധനകൾപ്രകാരം ലേല തുക 10,000/- രൂപ കവിയുന്ന സന്ദർഭങ്ങളിൽ തുക ഒടുക്കേണ്ട രീതി ചുവടെ ചേർക്കുന്നു.

1. ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുമ്പോൾ = ലേല തുകയുടെ 25%

2. ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുമ്പോൾ = ലേല തുകയുടെ 25%
3. 30/06/2018 നുള്ളിൽ = ലേല തുകയുടെ 25%

4. 30/09/2018 നുള്ളിൽ = ലേല തുകയുടെ 25%

മേൽ തീയതികളിൽ തുക ഒടുക്കുന്നതിൽ വീഴ്ച വന്നാൽ ലേലനിബന്ധന 20 പ്രകാരം 18% പലിശ ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ലേലത്തിൽ ലേലനിബന്ധനപ്രകാരമുള്ള പലിശ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

<u>ആയൂർ പബ്ലിക് മാർക്കറ്റിൽനിന്ന് ഗേറ്റ് ഫീസ്</u>

ലേലതുക = 1,50,000/-രൂ

ലേലതീയതി = 12/03/2018

കുത്തകക്കാരൻ = ശ്രീ. മുഹമ്മദ് റാഫി

ഗഡു = 37,500/-രൂപ

| പണം ഒടുക്കേണ്ട തീയതി | പണം ഒടുക്കിയ തീയതി | ഒടുക്കിയ തുക (രൂപ) | കാല താമസം (ദിവസങ്ങൾ) | ഈടാക്കേണ്ടിയിരുന്ന പലിശ 18% | ഈടാക്കിയ പലിശ | കുറവ് (രൂ) |
|---|---|---|---|---|---|---|
| 12.03.2018 | 12.03.2018 | 37,500 | 0 | | | |
| 19.03.2018 | 07.03.2019 | 37,500 | 354 | 6546 | 0 | 6546 |
| 30.06.2018 | 07.03.2019 | 37,500 | 319 | 5899 | 0 | 5899 |
| 30.09.2018 | 07.03.2019 | 37,500 | 157 | 2903 | 0 | 2903 |
| ആകെ | | 1,50,000 | | 15348 | 0 | 15348 |

ഈടാക്കാൻ അവശേഷിക്കുന്ന 15348/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

<u>ലേല നിബന്ധനകൾ പാലിക്കപ്പെടുന്നില്ല.</u>

1. ലേലത്തിൽ പങ്കെടുക്കുന്നവർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നില്ല.

2. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ലേലം ഉറപ്പിക്കുന്ന അവസരത്തിൽ തന്നെ മുഴുവൻ ലേലത്തുകയും ഒടുക്കേണ്ടതുണ്ട്. ആയത് പ്രാവർത്തികമാക്കുന്നില്ല.
3. തവണവ്യവസ്ഥയിലുള്ള അടവുകൾ മിക്കവയും അനുവദിച്ചുനല്കിയ തീയതിക്കുള്ളിൽ അല്ലാത്ത സാഹചര്യം.

4. ലേലനിബന്ധന പ്രകാരമുള്ള പിഴപലിശ ഈടാക്കുന്നില്ല.

5. ലേലനിബന്ധന പ്രകാരമുള്ള മിക്ക രേഖകളും ഫയലിൽ ചേർത്തിട്ടില്ല. (നിബന്ധന 1, 3, 10, 16, 17, 21, 22)
ലേലവ്യവസ്ഥകൾ പാലിക്കപ്പെടുംവിധമുള്ള ക്രമീകരണങ്ങൾ പഞ്ചായത്ത് ഭരണ നിർവഹണ വിഭാഗം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

1-17 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തണം

രാജ്യത്തിലെ ജനങ്ങളിൽ കായിക തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2018-19 വർഷം 7728 കുടുംബങ്ങൾക്കായി 217670 മനുഷ്യ ദിനങ്ങൾ തൊഴിൽ നൽകുകയും 1061 കുടുംബങ്ങൾക്ക് നൂറ് ദിന തൊഴിൽ പൂർത്തീകരിക്കാനും സാധിച്ചു. നിർവഹണത്തിൽ പ്രധാന പങ്കും മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയ്ക്കായാണ് നീക്കിവെച്ചത്. 2018-19 ലെ പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം, തരിശ്ഭൂമി-പാഴ്ഭൂമി എന്നിവ കൃഷിക്ക് അനുയോജ്യമാക്കൽ, പൊതു ആസ്തികളുടെ സംരക്ഷണം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവഹിച്ചു കണ്ടില്ല.

2018-19 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ ലഭ്യമാക്കിയ രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.
2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്.
3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണ്ണമല്ല.
4. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.
5. സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

6. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.
7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.
8 മസ്റ്റർ റോൾ രേഖപ്പെടുത്തലുകൾ കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതും യഥാസമയം പരിശോധനാ വിധേയമാക്കേണ്ടതുമുണ്ട്. വെട്ടി തിരുത്തലുകൾ ഒഴിവാക്കേണ്ടതാണ് .
9. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

1-18 കെട്ടിട നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല.വരവിനത്തിൽ നഷ്ടം

2018-19 സാമ്പത്തിക വർഷം ശ്രീ. ജോൺ തോമസ്, മാമൂട്ടിൽ, ആയൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലെ രണ്ട് കടമുറികൾ (92.2 ച.മീ, 58.8 ച.മീ) എന്നിവയ്ക്ക് കെട്ടിട നികുതി നിർണ്ണയിച്ച് XV/994, XV/995 എന്നീ നമ്പരുകൾ നൽകിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരവും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും സെല്ലാർ ഫ്ലോർ പാർക്കിംഗ് ഏരിയ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24.08.2020 ൽ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ ടി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ (151 ച.മീ) പൂർണ്ണമായും ഗോഡൗൺ ആയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടു. പാർക്കിംഗ് ഏരിയ അനധികൃതമായി ഗോഡൗണായി മാറ്റിയത് മൂലം നിലവിൽ പാർക്കിംഗ് ഏരിയ ഇല്ലാത്ത നിലയിലാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
ഗോഡൗണായി പരിവർത്തനം ചെയ്ത ബേസ് മെന്റിന്റെ വിസ്തീർണ്ണം-151ച.മീ
കെട്ടിടം പണി പൂർത്തിയാക്കിയ തീയതി – 04-10-2017
നികുതി – 151 x 60 = 9060/- രൂപ
വഴി സൗകര്യം (15ശതമാനം വർദ്ധനവ് ) - 1359/- രൂപ
ആകെ – 10419/- രൂപ
ഗ്രന്ഥശാല വരി – 521/- രൂപ
ഈടാക്കേണ്ട ആകെ നികുതി - 10940/- രൂപ (2018-19 only)

സെല്ലാർ ഫ്ലോറിന് വസ്തു നികുതി നിർണ്ണയിച്ചതിന്റെയും അനധികൃതനിർമ്മാണം ക്രമവത്ക്കരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്, (27/24.8.2020) കെട്ടിടനിർമ്മാണത്തിലെ തൽസ്ഥിതിയിന്മേൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ചും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ടി കെട്ടിടത്തിനുണ്ടായിരിക്കേണ്ട പാർക്കിംഗ് ഏരിയ പുന:സ്ഥാപിച്ചും പണിപൂർത്തിയാക്കിയ

സെല്ലാർ ഫ്ലോറിന്റെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചും അതിനനുസൃതമായി കെട്ടിട നികുതി 10940/-രൂപ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പെർമിറ്റ് നല്കി കെട്ടിടനികുതി നിർണ്ണയിച്ചതിന്ശേഷം ഇപ്രകാരം കെട്ടിടത്തിന് രൂപമാറ്റം വരുത്തുന്നത് പരിശോധിക്കും വിധമുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 17ാം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതും അതത് വർഷങ്ങളിലെ കെട്ടിടനികുതി നിർണ്ണയം തുടർപരിശോധനകൾ കൂടി ഉറപ്പാക്കിക്കൊണ്ട് സുതാര്യമാക്കാനായുള്ള സംവിധാനങ്ങൾ ഏർപ്പടുത്തുകയും ചെയ്യേണ്ടതാണ്.

1-19 ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കവരുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ42950/-രൂപ വരവുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. ടി തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 16-07-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15-2) മറുപടിയായി 'Account mapping' എന്ന സാങ്കേതിക പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല എന്ന് അസി എഞ്ചിനീയർ അറിയിച്ചു. മുൻ വർഷങ്ങളിലുൾപ്പടെ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത്, ആയതിന്റെ വർഷം തിരിച്ചുള്ള വിവരം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ടാറിങ് പ്രവർത്തികൾ-ഒഴിഞ്ഞ ടാർ ബാരലുകളുടെ വില 31753/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി ഒടുക്ക വരുത്തി.

2018-19 വർഷത്തിൽ അസിസ്റ്റൻറ് എൻജിനീയറുടെ നിർവഹണഅധികാരത്തിൽ നടപ്പിൽ വരുത്തിയ ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ള റോഡ് പ്രവർത്തികളിൽ, എസ്റ്റിമേറ്റിൽ 'പാക്ക്ഡ് ബിറ്റുമിൻ റേറ്റ് ' അനുവദിച്ചു നൽകിയിരുന്നു. എന്നാൽ പ്രവൃത്തികളുടെ അവസാന ബിൽ തുകയിൽനിന്നും കാലി ബാരലുകളുടെ വില തിരികെ ഈടാക്കിയിരുന്നില്ല. 2018-19 വർഷത്തിൽ ഇത്തരത്തിൽ നടത്തിയ നാല് പ്രവർത്തികളിലായി 31753/- രൂപ നഷ്ടം കണക്കാക്കി, അതിനുമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4(2)/14.07.2020ന് മറുപടിയായി പ്രസ്തുത തുക ഈടാക്കി ഒടുക്ക വരുത്തിയതായി രസീത് സഹിതം പദ്ധതി നിർവഹണ അധികാരി ബോധിപ്പിച്ചിട്ടുള്ളത് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. (രസീത് നം. 120040101333/17.8.20 – Rs. 1967, 101334/17.8.20 – Rs. 4496/-, 101335/17.8.20 -Rs. 5620/-, 101327/14.8.20 – Rs. 19670/-)

1-21 ഇ.എം.ഡി.മുതൽ കൂട്ടുവാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിൽ വരുത്തിയതായി രേഖയില്ല

പ്രോജക്റ്റ് : ഇടമുളക്കൽ ജി എൽ പി എസ് കെട്ടിട നിർമ്മാണം (പ്രൊജക്റ്റ്നമ്പർ-197/18-19)

അടങ്കൽ തുക – 4045000/-രൂപ (വികസന ഫണ്ട് – 2200000/- രൂപ,
ധനകാര്യകമ്മീഷൻ ഗ്രാൻഡ് – 500000/- രൂപ,
മറ്റുള്ളവ - എസ്.എസ്.എ വിഹിതം – 1345000/- രൂപ)
എം ബുക്ക് നമ്പർ. – 106/17-18, 89/18-19.
കരാറുകാരൻ – ശ്രീ വർഗീസ്, അത്തിക്കതറയിൽ, ഉറുകുന്ന്.

മേൽ പ്രവർത്തിക്കായി 21.4.17-ൽ ക്ഷണിച്ച ടെൻഡറിൽ ശ്രീ. മുഹമ്മദ് യൂസഫ്, ഇലവിൻ മൂട്ടിൽ വീട്, അർക്കന്നൂർ എന്ന വ്യക്തി 27.04.17ൽ 3042440.70/- രൂപ രേഖപ്പെടുത്തി സമർപ്പിച്ച ഇ-ടെന്റർ പഞ്ചായത്ത് കമ്മിറ്റി XI/23.6.2017 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത നിരക്കിൽ ശ്രീ. മുഹമ്മദ് യൂസഫ് കരാർ വച്ച് പ്രവർത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനും പ്രവർത്തി ഏറ്റെടുക്കാൻ തയ്യാറാകാതെ വന്ന സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് യൂസഫിന്റെ നഷ്ട ഉത്തരവാദിത്വത്തിൽ പ്രവർത്തി റീ ടെൻഡർ ചെയ്യുവാൻ 12.12.17 ലെ iv(4) തീരുമാനപ്രകാരം നിർവ്വഹണ അധികാരിയെ ചുമതലപ്പെടുത്തി. എന്നാൽ ശ്രീ. മുഹമ്മദ് യൂസഫ് ടെൻഡറിനൊപ്പം ഇ.എം.ഡി ആയി ഒടുക്കു വരുത്തിയിരുന്ന 50000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടപ്പെട്ടു എന്ന് ഉറപ്പു വരുത്താതെ ആണ് പുനർലേല നടപടികളിലേക്ക് പോയിട്ടുള്ളത് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നു. അപാകത ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, പ്രസ്തുത പ്രവൃത്തി ഇ-ടെണ്ടർ വഴിയായതിനാൽ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറണ്ട് അക്കൗണ്ട് മാപ്പിംഗുമായി ബന്ധപ്പെട്ട സാങ്കേതിക നടപടികൾ പൂർത്തിയായിവരുന്നു എന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ നിർദേശം പാലിക്കാതെ 50000/- രൂപ കരാറുകാരന് തിരികെ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, അപ്രകാരം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എൻജിനീയറുടെ നഷ്ട ഉത്തരവാദിത്വമായി നിശ്ചയിച്ച് തിരികെ ഈടാക്കേണ്ടതുമാണ്.

മേൽ പ്രവൃത്തിയുടെ ആകെ മൂല്യം കണക്കാക്കിയിരിക്കുന്നത് 3286778/-രൂപയാണ്. എന്നാൽ പ്രസ്തുത തുകയ്ക്ക് ഉപരിയായി 7312/- രൂപ കൂടി ചേർത്ത്3294090/-രൂപ പിൻവലിച്ച്, നിയമാനുസൃത നികുതികൾ കുറവ് വരുത്തി കരാറുകാരന് തുക നൽകുകയും ചെയ്തു. അപാകതയ്ക്ക് മേൽ വിശദീകരണമവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4(1)/തീയതി. 14.7.2020ന് മറുപടിയായി റസീപ്റ്റ് നമ്പർ-12004010176, തീയതി. 16.7.2020 പ്രകാരം 7312/- രൂപ ഒടുക്കുവരുത്തുകയും ഇത്തരത്തിലുള്ള ക്ലറിക്കൽ മിസ്റ്റേക്കുകൾ ആവർത്തിക്കില്ല എന്ന് പദ്ധതി നിർവഹണ അധികാരി ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രസീത് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1-22 അംഗനവാടികളുടെ വൈദ്യുതീകരണം പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല 309769/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നമ്പർ – 280/19
നിർവഹണ അധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക – 687030/-രൂപ (തനത്ഫണ്ട്)

കരാറുകാരൻ - സുനിൽ ലാൽ. എസ്, സുജിതാമന്ദിരം, പേരയം, ഉമയനല്ലൂർ.

കരാർ നമ്പർ – 123/AE/LSGD/EDML/18-19; M Book no. – 52/18-19

ഗ്രാമ പഞ്ചായത്തിലെ 82, 93, 99, 102 ,110, 119, എന്നീ നമ്പറുകളിലുള്ള 6 അംഗനവാടികളിൽ വൈദ്യുതീകരണത്തിന് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിയിരുന്നത്.

പദ്ധതിനിർവഹണം സംബന്ധമായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും, എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതും, ആയത് ചെക്ക് മെഷർ ചെയ്തിരിക്കുന്നതും പാനൽ എൻജിനീയർമാർ ആണെന്ന് കാണുന്നു.

ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവ നടത്തുന്നതിന് അടിസ്ഥാന എസ്റ്റിമേറ്റ് തുകയുടെ 4% തുകയായ 12660/- രൂപ കൂടി എസ്റ്റിമേറ്റിൽ വകകൊള്ളിച്ച് ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവർത്തികളുടെ നടത്തിപ്പിനായി പാനൽ എഞ്ചിനീയർമാരിൽ നിന്നും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനം തിരഞ്ഞെടുക്കേണ്ടതും, പ്രവൃത്തിയുടെ പൂർണ്ണ ഉത്തരവാദിത്വം അദ്ദേഹത്തെ ചുമതലപ്പെടുത്തുന്ന തരത്തിൽ ഒരു കരാർ ചമയ്ക്കേണ്ടതുമാണ്. (GO(rt)no.2878/2015,LSGD, Dtd.22.09.2015).ഇവിടെ ഇത്തരത്തിൽ പാനൽ എഞ്ചിനീയർമാരുമായി കരാർ ഉണ്ടാക്കിയിട്ടില്ല.

2. 6 അംഗനവാടികളുടെയും വൈദ്യുതീകരണത്തിന് 114505/- രൂപ നിരക്കിൽ എസ്റ്റിമേറ്റ്കോസ്റ്റ് കണക്കാക്കിയിരിക്കുന്നു. 6 അംഗനവാടികളിലും തുല്യ അളവിൽ സാമഗ്രികൾ ഉപയോഗിച്ചതായും പ്രവർത്തികൾ നടത്തിയതായുമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഒരേമാതൃകയിലുള്ള കെട്ടിടങ്ങളുടെ അപ്രൂവ്ഡ് പ്ലാൻ, അപ്രൂവ്ഡ് ഇലക്ട്രിക്കൽ ഡ്രായിംഗ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പ്രവൃത്തികളുടെ നടപ്പു ഘട്ടങ്ങളിലോ, പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷമോ പദ്ധതി നിർവഹണ അധികാരി പ്രവൃത്തികൾ പരിശോധിച്ചതായി എവിടെയും രേഖപ്പെടുത്തലുകൾ ഇല്ല.

മേൽ പരാമർശങ്ങൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/13.7.20ന് പദ്ധതി നിർവഹണ അധികാരി ലഭ്യമാക്കിയ മറുപടിയിൽ, സാങ്കേതിക പരിജ്ഞാനം കുറവായതിനാൽ ഭൗതിക സൂക്ഷ്മ പരിശോധനകളും, വിലയിരുത്തലുകളും നടത്താൻ കഴിയുന്നില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കെട്ടിടങ്ങളുടെ അംഗീകൃത പ്ലാൻ, അംഗീകൃത ഇലക്ട്രിക്കൽ ഡ്രായിംഗ് എന്നിവ ഇല്ലാതെയും, പാനൽ എൻജിനീയറുമായി കരാറിൽ ഏർപ്പെടാതെയും, വൈദ്യുതീകരണ പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താതെയും, പാനൽ എൻജിനീയർ തയ്യാറാക്കി സമർപ്പിച്ച ബിൽ തുക മാറി നൽകിയ അസിസ്റ്റന്റ് എൻജിനീയറുടെ നടപടി സുതാര്യത ഇല്ലാത്തതാണ്. ആയതിനാൽ പദ്ധതിയ്ക്കായി വന്ന 309769/- രൂപയുടെ ചെലവ് (ബിൽ നം. – 340/11.03.2019) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-23 സ്റ്റാമ്പ് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - തുക നിരാകരിക്കുന്നു.

വൗച്ചർ നം. – 21800105/21.5.2018

ഗ്രാമ പഞ്ചായത്തിന്റെ തപാൽ ആവശ്യത്തിനായി പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിനായി 4000 രൂപ (800 എണ്ണം x 5 രൂപ) ചെക്ക് നം. – 331889/19.5.18 പ്രകാരം പോസ്റ്റ്മാസ്റ്റർ, അഞ്ചലിന് നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയയ്ക്കുന്നതിനുവേണ്ടിയാണ് സ്റ്റാമ്പ് വാങ്ങിയതെന്നും സെക്ഷൻ ക്ലാർക്കിന്റെ സൂക്ഷ്മതക്കുറവുമൂലം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർക്കുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. സ്റ്റോക്ക്, വിതരണരേഖകൾ എന്നിവ ഹാജരാക്കാത്ത സാഹചര്യത്തിൽ 4000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ – 2/10.7.2020.
നിരാകരിച്ച തുക – 4,000/- രൂപ.

1-24 വൗച്ചർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. വൗച്ചർ നം. – 21801267/16.3.2019

11-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷന് 4484/- രൂപ ചെക്ക് നം. – 670768/16.3.2019 പ്രകാരം അഞ്ചൽ കെ.എസ്.ഇ.ബി അസി. എഞ്ചിനീയർ പേർക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

2. വൗച്ചർ നം. – 21801403/30.3.2019

തടിക്കാട് വെറ്ററിനറി ആശുപത്രിയുടെ 11/2018 മുതൽ 3/2019 വരെയുള്ള ടെലിഫോൺ ചാർജ്ജിനത്തിൽ 1681/- രൂപ ചെക്ക് നം. 2171843/30.3.2019 പ്രകാരം വെറ്ററിനറി സർജന് നൽകിയിട്ടുണ്ട്, ടി തുകയിൽ 12/18 – 204/- രൂപ, 3/2019 - 225/- രൂപ എന്നിവയുടെ ബിൽ, അടച്ച രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 4913/- രൂപ (4484 + 429) തടസ്സപ്പെടുത്തുന്നു.

1-25 ചെലവ് രേഖകൾ, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ വിനിയോഗ വിവരം/പ്രവൃത്തികളുടെ പൂർത്തീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. / പേര് | ഫണ്ട് / ചെലവ് | വൗച്ചർ നം. / ബിൽ നം. / തീയതി | അഭിപ്രായം |
|---|---|---|---|---|
| സെക്രട്ടറി | 121/2019<br><br>അടിയന്തിര പ്രാധാന്യമുള്ള വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | തനത്ഫണ്ട് 1,93,502/- | 1) 21800511/6.10.18 – 41607/-<br><br>2) 21800483/29.9.18 – 10781/-<br><br>3) 21800889/19.12.18 – 3353/- | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ. ബി. – വാളകം, അഞ്ചൽ വെസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | 4) 21801111/6.2.19 – 39383/-<br><br>& 21801226/8.3.19 – 43497/-<br><br>1,93,502/- രൂപ ഒടുക്കിയതിൽ 1,38,621/- രൂപയുടെ വൗച്ചർ നമ്പറുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 54881/- രൂപയുടെ വൗച്ചറുകളുടെ വിവരം പൂർണ്ണമായും പരിശോധിച്ചിട്ടില്ല. | സെക്ഷനുകളിലായി ഒടുക്കിയിട്ടുണ്ട്. |
| സെക്രട്ടറി | 95/19<br><br>പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4,65,000/- | 12/18-19 / 21.11.18 | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി. |
| അസി. സെക്രട്ടറി | 48/19<br><br>പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വികസന ഫണ്ട് - (SCP) - 17,30,000/- | 5/18-19 / 19.12.18 | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി. |
| | ആകെ | 23,88,502/- | | |

ടി പ്രവൃത്തികൾക്കായി സെക്രട്ടറി ചെലവഴിച്ച 6,58,502/- രൂപയും, അസിസ്റ്റന്റ് സെക്രട്ടറി ചെലവഴിച്ച 17,30,000/- രൂപയും ഉൾപ്പെടെ ആകെ – 23,88,502/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/14.7.2020

തടസ്സപ്പെടുത്തിയ തുക – 23,88,502/-.

1-26 ലൈഫ് -ഭവനപദ്ധതി -അവലോകനം

a) 2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവനപദ്ധതിക്കായി വകയിരുത്തിയ തുക, ചെലവ്, ഭവനപദ്ധതിക്കായി എഗ്രിമെന്റ് വച്ചവരുടേയും പണി പൂർത്തീകരിച്ചതിന്റേയും പൂർത്തീകരിക്കാത്തവയുടേയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | ആടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 1) 49/19 – ഭവന നിർമ്മാണം (ജനറൽ) | 4,48,00,000/-<br>Plan – 4208000<br>BP – 1062148 | 1,62,20,000/-<br>Plan – 4208000<br>BP – 1062148 |

| | | |
|---|---|---|
| | JP – 1045641<br>Loan – 38484211 | JP – 1045641<br>Loan – 9904211 |
| 2) 53/19 – ഭവന നിർമ്മാണം (SCP) | 1,92,00,000/-<br>Plan – 2499600<br>JP – 980392<br>Loan – 15720008 | 53,40,000/-<br>Plan – 2499600<br>JP – 980392<br>Loan – 1860008 |
| 3) 266/19 – ഭവന നിർമ്മാണം (സ്പിൽ ഓവർ) | 11,70,000/-<br>തനത് ഫണ്ട് | 11,70,000/-<br>തനത് ഫണ്ട് |

തൻവർഷം ജനറൽ വിഭാഗത്തിൽ നിന്നും 49 പേരും, എസ്.സി.പി. വിഭാഗത്തിൽ നിന്ന് 16 പേരും എഗ്രിമെന്റ് വെച്ചതിൽ ജനറൽ വിഭാഗത്തിൽ നിന്ന് 39 പേരും എസ്.സി.പി. വിഭാഗത്തിൽ നിന്ന് 14 പേരും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ആളുകൾ വീട്പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) 2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി – യിൽ നിന്നും ആകെ – 1,29,69,037/- രൂപ വായ്പ എടുത്തിട്ടുള്ളതിൽ 1,17,64,219/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക തനത് ഫണ്ട് അക്കൗണ്ടിൽ (SBI – 31669649591) സൂക്ഷിച്ചിരിക്കുന്നു.

1-27 എച്ച്.എം നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ എച്ച്.എം നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ, തുകയുടെ വിനിയോഗവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നമ്പർ/പേര് | ഫണ്ട്/അടങ്കൽ തുക | ചെലവായ തുക/<br>ബിൽനമ്പർ/<br>ചെക്ക് നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | 27/18-19<br>എസ്.എസ്.എ വിഹിതം ഒടുക്കൽ | വികസനഫണ്ട് (ജനറൽ)<br>1200000/- | 1200000/-<br>ബിൽ നം-01/18-19/<br>28-07-2018 | വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 2 | 29/18-19<br>എസ്.എസ്.എ വിഹിതം ഒടുക്കൽ-എസ്.സി.പി | വികസനഫണ്ട് (എസ്.സി.പി)<br>300000/- | 300000/-<br>ബിൽ നം-02/18-19/<br>28-07-2018 | വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 3 | 187/2018-19<br>തുടർ സാക്ഷരത | തനത് ഫണ്ട്<br>200000/- | 174350/- | പ്രോജക്റ്റ്, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | ചെക്ക് നം-2171811/ 14-03-2019 | |
| ആകെ | | | 1674350/- | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പദ്ധതികൾക്കായി നടത്തിയ 1674350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1674350/-

ഓഡിറ്റ് എൻക്വയറി നം. – 5/14-07-2020.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 കെട്ടിട നികുതി പൂർണ്ണമായും നിർണ്ണയിച്ചില്ല.വരവിനത്തിൽ നഷ്ടം

2018-19 സാമ്പത്തിക വർഷം ശ്രീ. ജോൺ തോമസ്, മാമൂട്ടിൽ, ആയൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലെ രണ്ട് കടമുറികൾ (92.2ച.മീ,58.8ച.മീ) എന്നിവയ്ക്ക് കെട്ടിട നികുതി നിർണ്ണയിച്ച് XV/994, XV/995 എന്നീ നമ്പരുകൾ നൽകിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരവും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും സെല്ലാർ ഫ്ലോർ പാർക്കിംഗ് ഏരിയ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24.08.2020 ൽ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ ടി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ (151 ച.മീ) പൂർണ്ണമായും ഗോഡൗൺ ആയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടു. പാർക്കിംഗ് ഏരിയ അനധികൃതമായി ഗോഡൗണായി മാറ്റിയതുമൂലം നിലവിൽ പാർക്കിംഗ് ഏരിയ ഇല്ലാത്ത നിലയിലാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗോഡൗണായി പരിവർത്തനം ചെയ്ത ബേസ് മെന്റിന്റെ വിസ്തീർണ്ണം – 151 ച.മീ

കെട്ടിടം പണി പൂർത്തിയാക്കിയ തീയതി – 04-10-2017

നികുതി – 151 x 60 = 9060/- രൂപ

വഴി സൗകര്യം (15 ശതമാനം വർദ്ധനവ്) – 1359/- രൂപ

ആകെ – 10419/- രൂപ

ഗ്രന്ഥശാല വരി – 521/- രൂപ

ഈടാക്കേണ്ട ആകെ നികുതി – 10940/- രൂപ (2018-19 ലെ നികുതി മാത്രമേ കണക്കാക്കിയിട്ടുള്ളൂ)

സെല്ലാർ ഫ്ലോറിന് വസ്തു നികുതി നിർണ്ണയിച്ചതിന്റെയും അനധികൃതനിർമ്മാണം ക്രമവത്ക്കരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്, (27/24.8.2020) കെട്ടിടനിർമ്മാണത്തിലെ തൽസ്ഥിതിയിന്മേൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ചും പണിപൂർത്തിയാക്കിയ സെല്ലാർ ഫ്ലോറിന്റെ വസ്തു നികുതി

പുതുക്കി നിർണ്ണയിച്ചും അതിനനുസൃതമായി കെട്ടിട നികുതി 10940/- രൂപ ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പെർമിറ്റ് നല്കി കെട്ടിടനികുതി നിർണ്ണയിച്ചതിന്ശേഷം ഇപ്രകാരം കെട്ടിടത്തിന് രൂപമാറ്റം വരുത്തുന്നത് പരിശോധിക്കും വിധമുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 17ാം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതും അതത് വർഷങ്ങളിലെ കെട്ടിടനികുതിനിർണ്ണയം തുടർപരിശോധനകൾ കൂടി ഉറപ്പാക്കിക്കൊണ്ട് സുതാര്യമാക്കാനായുള്ള സംവിധാനങ്ങൾ ഏർപ്പടുത്തുകയും ചെയ്യേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സ്റ്റാമ്പ് വാങ്ങൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - തുക നിരാകരിക്കുന്നു.

വൗച്ചർ നം. – 21800105/21.5.2018

ഗ്രാമ പഞ്ചായത്തിന്റെ തപാൽ ആവശ്യത്തിനായി പോസ്റ്റൽ സ്റ്റാമ്പ് വാങ്ങുന്നതിനായി 4000 രൂപ (800 എണ്ണം x 5 രൂപ) ചെക്ക് നം. – 331889/19.5.18 പ്രകാരം പോസ്റ്റ്മാസ്റ്റർ, അഞ്ചലിന് നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് അയയ്ക്കുന്നതിനുവേണ്ടിയാണ് സ്റ്റാമ്പ് വാങ്ങിയതെന്നും സെക്ഷൻ ക്ലാർക്കിന്റെ സൂക്ഷ്മതക്കുറവുമൂലം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർക്കുന്നതിന് വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. സ്റ്റോക്ക്, വിതരണരേഖകൾ എന്നിവ ഹാജരാക്കാത്ത സാഹചര്യത്തിൽ 4000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/10.7.2020.

നിരാകരിച്ച തുക – 4,000/- രൂപ.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.072019 & 23.07.2019 | കെ.എസ്.എ.കെ.എൽ.എം.പി./1/1061/19, 21.08.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 298400 | 1600 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ബഡ്സ് സ്കൂൾ | 200000 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 265537 | ലൈഫ് ഭവനനിർമ്മാണം | 265537 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 796611 | ലൈഫ് ഭവനനിർമ്മാണം | 796611 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1799094 | നെൽക്കൃഷി വികസനം | 1799094 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 42500 | നെൽക്കൃഷി വികസനം | 42500 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 120000 | ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് | 120000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1471347 | ലൈഫ് ഭവന നിർമ്മാണം | 1471347 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷ കാഹാരം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 192216 | ലൈഫ് ഭവന നിർമ്മാണം | 192216 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 185000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 84600 | 100400 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 362470 | ലൈഫ് ഭവന നിർമ്മാണം | 362470 | - |

രേഖകൾ പ്രകാരമുള്ള തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./UTR No. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800924/ 18.12.2018 | 465000 | - | 465000/- |
| 2 | KWA | എസ്സ്.സി.കോളനി യിലേക്ക്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800924/ 18.12.2018 | 1730000 | - | 1730000/- |
| 3 | KWA | ആയുർവേദാശുപത്രിക്ക് വാട്ടർ കണക്ഷൻ | 21800926/ 19.12.2018 | 188574 | - | 188574/- |
| 4 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 670776/ 16.3.2019 | 5000 | - | 5000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12969037/- രൂപ വരവുണ്ട്. ടി തുകയിൽ 11764219/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനനിർമ്മാണം | LF-511/2018 /1.1.2019 | 12969037/- | - | - | - | 12969037 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 651949 |
| തൻവർഷം നിക്ഷേപിച്ച തുക | 55416 |
| ആകെ | 707365 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 707365 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SCB അറയ്ക്കൽ | 6.3.19 | 1 വർഷം | 707365 | |
| ആകെ | | | | 707365 | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20984/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2010-11 | 3-3 | 20984/- | ശ്രീമതി. പ്രഭ, പി.റ്റി.എസ് | 118040108258/ 28.3.2019 |
| 2011-12 & 2012-13, | 3-1 | | | |
| 2013-14 & 2014-15 | 3-2 | | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 178032833 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107255982 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10940 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4377534 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10940 | - | ശ്രീ. സഞ്ജയൻ, സെക്രട്ടറി |
| 3-1 | - | 4000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 309769 | ശ്രീമതി. ധന്യശ്രീ, അസി. എഞ്ചിനീയർ |
| 1-24 | 4913 | ശ്രീ. സഞ്ജയൻ, സെക്രട്ടറി |
| 1-25 | 658502 | ശ്രീ. സഞ്ജയൻ, സെക്രട്ടറി |
| | 1730000 | ശ്രീമതി. വി. ജെ. അന്നമ്മ, അസി. സെക്രട്ടറി |
| 1-27 | 1674350 | ശ്രീമതി. സായിദ, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 4377534 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ധന്യശ്രീ<br>അസി. എഞ്ചിനീയർ | അസി. എൻജിനീയർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | പ്രതീക്ഷ, മണ്ണാംകോണം ലെയ്ൻ,<br>മെഡിക്കൽ കോളേജ് പി.ഒ, ഉള്ളൂർ |
| ശ്രീ. സഞ്ജയൻ,<br>സെക്രട്ടറി | വിരമിച്ചു | കൊച്ചിമാളിക,<br>ഐക്കരക്കോണം<br>കക്കോട് പി.ഒ, പുനലൂർ |
| ശ്രീമതി. വി. ജെ. അന്നമ്മ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി | ബെയ്സിൽ ഭവൻ, കോട്ടപ്പുറം,<br>മുളവന. പി.ഒ, കുണ്ടറ |
| ശ്രീമതി. സായിദ,<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് | എസ്. എസ്. വില്ല, വയയ്ക്കൽ പി.ഒ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/440(1)/2-03-2018 | 2 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/440(2)/2-03-2018 | 1 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/440(3)/2-03-2018 | 2 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/440(4)/2-03-2018 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/440(5)/2-03-2018 | 5 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/440(6)/2-03-2018 | 6 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/440(7)/2-03-2018 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/440(8)/2-03-2018 | 2 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19/10.6.19 | 18 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19/10.6.19 | 14 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19/10.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19/10.6.19 | 5 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19/10.6.19 | 6 |
| 2011-12 & 2012-13 | എൽ.എഫ്.ക്യു.പി.4/393/14/15-05-14 | എല്ലാ ഖണ്ഡികകളും |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം/പി4/2211/15/19-12-15 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ-കെ.എൽ.എം/പി4/1843/16/05-01-2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ-കെ.എൽ.എം/പി1/1955/17/21-12-2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ-കെ.എൽ.എം/പി1-224/2019/1.4.2019 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ.കെ.എൽ.എം.പി/1/941/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി. 13.10.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

<u>അനുബന്ധം-2</u>

<u>അനുബന്ധപത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്